DESPATCHED On. 27/1/2020 28/1/20



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1467*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 10664/*എസ്.ഐ.സി-ജി 6/2019*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ.വി.എ.ബിജു,<br>വേലുക്കാരൻ വീട്,<br>ചുലിശ്ശേരി പി.ഒ, തൃശ്ശൂർ – 680 541. | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,<br>ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,<br>ഇൻഫർമേഷൻ വിഭാഗം, ട്രാൻസ്പോർട്ട് ഭവൻ,<br>തിരുവനന്തപുരം.<br><br>2. അപ്പീൽ അധികാരി ,<br>കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,<br>ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,<br>ഇൻഫർമേഷൻ വിഭാഗം, ട്രാൻസ്പോർട്ട് ഭവൻ,<br>തിരുവനന്തപുരം. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02.03.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 30.03.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 20.04.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20.06.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 22.06.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 17.01.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ബിജു വി.എ 20.06.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് കൃത്യമായ മറുപടിയും, രേഖകളുടെ പകർപ്പും ലഭ്യമായില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 02.03.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു.

i) കെ.എസ്.ആർ.ടി.സി 1967 ൽ പ്രസിദ്ധീകരിച്ച സ്റ്റാന്റിഡിങ്ങ് ഓർഡറിന്റെ (ജീവനക്കാരുടെ ചുമതലകളും, ഉത്തരവാദിത്വങ്ങളും) പകർപ്പ് സാക്ഷ്യപ്പെടുത്തി നൽകണമെന്നും.

ii) കെ.എസ്.ആർ.ടി.സി യുടെ നിയമനങ്ങൾക്കും, ഉത്തരവുകൾക്കും വിരുദ്ധമായി സീനിയർ ഓഫീസർമാർ കീഴ്ജീവനക്കാർക്ക് എതിരെ നിയമനടപടികൾക്ക് ശുപാർശ ചെയ്യുമ്പോൾ, അതിനെതിരെ കീഴ്ജീവനക്കാർക്ക് സീനിയർ ഓഫീസർമാർക്ക് എതിരെ വ്യക്തിപരമായി നിയമനടപടി സ്വീകരിക്കുന്നതിന് വേണ്ടി, കെ.എസ്.ആർ.ടി.സി പ്രസിദ്ധീകരിച്ചിട്ടുള്ള നിയമങ്ങളുടെയും, ഉത്തരവുകളുടെയും പകർപ്പ് സാക്ഷ്യപ്പെടുത്തി നൽകുക. എന്നതുമായി ബന്ധപ്പെട്ട് 17 വിവരങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി 05.12.2019 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 02.03.2019 ൽ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന രേഖകളുടെ പകർപ്പുകൾ ടിയാന് ലഭിക്കുന്നതിനു വേണ്ടി, നൽകിയിരുന്ന മറുപടി പുന:പരിശോധിക്കേണ്ടതുമായി ബന്ധപ്പെട്ട ഫയൽ കണ്ടെത്തി നൽകുവാൻ കഴിയാവുന്ന വിവരങ്ങൾ നൽകുവാൻ മുഖ്യ കാര്യാലയത്തിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയതിൻ പ്രകാരം ടി ഓഫീസിൽ നിന്നും ലഭ്യമായ മറുപടി 05.12.2019 ൽ അപ്പീൽ ഹർജിക്കാരന് അയച്ചു നൽകിയിട്ടുണ്ടെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും എതിർകക്ഷി ഹിയറിംഗ് സമയത്ത് സമർപ്പിച്ച 13.01.2020 ലെ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ

കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതിൽ നൽകുവാൻ കഴിയുന്ന വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ഒന്നാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ടിരുന്ന സ്റ്റാന്റിഡിങ്ങ് ഓർഡറിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാലാണ് നൽകാതിരുന്നതെന്നും ഹാജരായ എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട എല്ലാ രേഖകളും ലഭ്യമായില്ലായെന്നും, നാലാമത്തെ ചോദ്യത്തിനു നൽകിയ മറുപടിയുടെ പകർപ്പ് സാക്ഷ്യപ്പെടുത്തിയിട്ടില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ കൃത്യമായി നൽകണമെന്നും ടിയാൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകി. ടി സാഹചര്യത്തിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഓഫീസിൽ നേരിട്ട് ഹാജരായി പരിശോധിക്കാനുള്ള അവസരം ടിയാന് നൽകേണ്ടതും നൽകുവാൻ കഴിയുന്ന രേഖകൾ ടിയാന് നൽകി ആയതിന്റെ പകർപ്പ് ടി ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം കമ്മീഷൻ മുമ്പാകെ ലഭ്യമാക്കേണ്ടതുമാണെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN